**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3039.** **07.12.2018 ൽ മറുപടിയ്ക്ക്**

**ലഹരി മോചന കേന്ദ്രങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.സുരേഷ് കുറുപ്പ് | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | ലഹരി വിമുക്ത കേരളത്തിന് വേണ്ടി ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണ്; | (എ) | ലഹരി വർജ്ജനത്തിലൂടെ ലഹരിമുക്ത കേരളം സൃഷ്ടിക്കുക എന്ന ലക്ഷ്യം മുൻ നിർത്തി ആവശ്യമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന് സംസ്ഥാന ലഹരി വർജ്ജന മിഷൻ "വിമുക്തി" രൂപീകരിച്ചിട്ടുണ്ട്. വിവിധ സർക്കാർ വകുപ്പുകൾ, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, സ്കൂൾ-കോളേജ് ലഹരി വിരുദ്ധ ക്ലബ്ബുകൾ, എൻ.എസ്.എസ്., എൻ.സി.സി., കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, സംസ്ഥാന സ്പോർട്സ് കൗൺസിൽ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മദ്യവർജ്ജന സമിതികളടക്കമുള്ള സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥി- യുവജന- മഹിളാ സംഘടനകൾ എന്നിങ്ങനെ എല്ലാ മേഖലകളിലേയും പൊതുജനപങ്കാളിത്തത്തോടുകൂടി ലഹരിക്കെതിരെയുള്ള ബോധവത്ക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ച് വരുന്നുണ്ട്.<br>വിദ്യാലയങ്ങളിലെ ലഹരി വിരുദ്ധ ക്ലബ്ബുകളുടെ പ്രവർത്തനം കാര്യക്ഷമമായി ഉപയോഗിക്കുന്നുണ്ട്. ലഹരി മാഫിയയെക്കുറിച്ചും മറ്റുമുള്ള പരാതികൾ അറിയിക്കുന്നതിനായി വിദ്യാലയങ്ങൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, എക്സൈസ് ഓഫീസുകൾ എന്നിവിടങ്ങളിൽ പരാതിപ്പെട്ടികൾ സ്ഥാപിച്ചിട്ടുണ്ട്. പരാതികൾ അറിയിക്കുന്നതിനായി നവ മാധ്യമങ്ങളായ ഫേസ്ബുക്ക്, വാട്സ് ആപ്പ് എന്നിവയിൽ വിമുക്തി മിഷന്റെ പേജ് ആരംഭിച്ചിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ എത്ര ലഹരി മോചന കേന്ദ്രങ്ങൾ ആരംഭിച്ചു; പുതിയതായി ലഹരി മോചന കേന്ദ്രങ്ങൾ എവിടെയെല്ലാം ആരംഭിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്; | (ബി) | കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ വിമുക്തിയുടെ ഭാഗമായി കേരളത്തിലെ പതിനാല് ജില്ലകളിലും ഡീ അഡിക്ഷൻ സെന്റർ ആരംഭിച്ചിട്ടുണ്ട്.<br>ആയവയുടെ പട്ടിക ചുവടെ ചേർക്കുന്നു. |

| | | | |
|---|---|---|---|
| | വെളിപ്പെടുത്തുമോ? | | 1. ജനറൽ ഹോസ്പിറ്റൽ, നെയ്യാറ്റിൻകര, തിരുവനന്തപുരം.<br>2. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, നെടുങ്ങോലം, കൊല്ലം.<br>3. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, റാന്നി, പത്തനംതിട്ട.<br>4. ജില്ലാ ആശുപത്രി, ചെങ്ങന്നൂർ, ആലപ്പുഴ.<br>5. ജനറൽ ഹോസ്പിറ്റൽ, പാല, കോട്ടയം.<br>6. ജില്ലാ ആശുപത്രി, പൈനാവ്, ഇടുക്കി.<br>7. താലൂക്ക് ഹോസ്പിറ്റൽ, മൂവാറ്റുപുഴ, എറണാകുളം<br>8. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, ചാലക്കുടി, തൃശ്ശൂർ.<br>9. ട്രൈബൽ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ, കോട്ടത്തറ, പാലക്കാട്.<br>10. ജില്ലാ ആശുപത്രി, നിലമ്പൂർ, മലപ്പുറം<br>11. ബീച്ച് ആശുപത്രി, കോഴിക്കോട്.<br>12. ജനറൽ ഹോസ്പിറ്റൽ, കല്പറ്റ, വയനാട്<br>13. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, പയ്യന്നൂർ, കണ്ണൂർ.<br>14. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, നീലേശ്വരം, കാസർകോട്.<br>ലഹരിക്കടിമകളായ വ്യക്തികളെ ചികിത്സിക്കുന്നതിനും, പുനരധിവാസത്തിനുമായി ബാംഗ്ലൂർ നിംഹാൻസ് മാതൃകയിൽ കോഴിക്കോട് ജില്ലയിലെ കിനാലൂരിൽ സംസ്ഥാന ലഹരി വർജ്ജന മിഷൻ വിമുക്തിയുടെ ഭാഗമായി എല്ലാ ആധുനിക സൗകര്യങ്ങളോടും കൂടി ഒരു മാതൃകാ ലഹരി മോചന കേന്ദ്രം ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**